# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:10-09-2024**

### പ്രധാനവാർത്തകൾ

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് ജർമ്മനിയിലെത്തും.
2. ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്ററിന്റെ സ്ഥാപക ദിനത്തോടനുബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രഖ്യാപിച്ച പുരസ്കാരം കേരളത്തിന്. പുരസ്കാരം കേന്ദ്ര മന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ സമ്മാനിച്ചു.
3. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പൂർണ്ണ രൂപം പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറണമെന്ന് സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ച് ഹൈക്കോടതി.
4. സംസ്ഥാന കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന കർഷകചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി പി പ്രസാദ് ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും.
5. ആത്മഹത്യ പ്രതിരോധത്തിന് സമൂഹത്തെ സജ്ജരാക്കുക എന്ന ലക്ഷ്യത്തിലൂന്നി ഇന്ന് ലോക ആത്മഹത്യാ പ്രതിരോധ ദിനം.
6. പാരീസ് പാരാലിമ്പിക്സിൽ മികച്ച പ്രകടനം കാഴ്ച വച്ച് തിരികെയെത്തിയ ഇന്ത്യൻ കായിക

RNUTVPM

താരങ്ങൾക്ക് ഡൽഹി വിമാനത്താവളത്തിൽ ഉജ്ജ്വല വരവേൽപ്പ്.

==================================

## ജയ്ശങ്കർ -ജർമ്മനി സന്ദർശനം

രണ്ട് ദിവസത്തെ സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് ജർമ്മനിയിലെത്തും. ഉഭയകക്ഷി ബന്ധം അവലോകനം ചെയ്യുക, സഹകരണത്തിനുള്ള കൂടുതൽ സാദ്ധ്യതകൾ പരിശോധിക്കുക എന്നിവ ലക്ഷ്യമിട്ട് അദ്ദേഹം ജർമ്മൻ വിദേശകാര്യ മന്ത്രിയുമായും മറ്റ് പ്രധാന നേതാക്കളുമായും കൂടിക്കാഴ്ച നടത്തും. ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസിന്റെ അടുത്ത മാസത്തെ ഇന്ത്യ സന്ദർശനത്തിന് വഴിയൊരുക്കുന്നതാണ് വിദേശകാര്യ മന്ത്രിയുടെ ജർമൻ സന്ദർശനമെന്ന് വിലയിരുത്തപ്പെടുന്നു. ഇന്നലെ റിയാദിൽ നടന്ന ഇന്ത്യ-ഗൾഫ് സഹകരണ കൗൺസിൽ മന്ത്രിതല സമ്മേളനത്തിൽ വിദേശകാര്യ മന്ത്രി സഹ അധ്യക്ഷനായി പങ്കെടുത്തിരുന്നു. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ, വിദേശകാര്യമന്ത്രി വ്യാഴാഴ്ച സ്വിറ്റ്സർലൻഡ് സന്ദർശിക്കും.

==================================

## അമിത് ഷാ-സൈബർ

ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെൻ്ററിൻ്റെ ആദ്യ സ്ഥാപക ദിനമായ ഇന്ന് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. പരിപാടിയോടനുബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രഖ്യാപിച്ച പുരസ്കാരത്തിന് കേരളം

PNU TVPM

അർഹമായി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ തടയുന്നതിനുള്ള ഇടപെടലിനാണ് കേരളാ പോലീസിന് അംഗീകാരം ലഭിച്ചത്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായിൽ നിന്ന് സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹെബ്, സൈബർ എസ്.പി ഹരിശങ്കർ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

==================================

## ഹേമ കമ്മിറ്റി-ഹൈക്കോടതി

ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പൂർണ്ണ രൂപം പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറണമെന്ന് സംസ്ഥാന സർക്കാരിനോട് ഹൈക്കോടതി നിർദ്ദേശം. റിപ്പോർട്ട് സംബന്ധിച്ച് എന്ത് നടപടിയാണ് എടുക്കാൻ സാധിക്കുകയെന്ന് അന്വേഷണ സംഘം വ്യക്തമാക്കണമെന്നും കോടതി നിർദ്ദേശിച്ചു. റിപ്പോർട്ടുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കുകയായിരുന്നു ഹൈക്കോടതി. സ്ത്രീകളുടെ സ്വകാര്യത സംരക്ഷിക്കപ്പെടേണ്ടതാണെന്ന് വ്യക്തമാക്കിയ കോടതി, സംസ്ഥാനത്തെ ഭൂരിപക്ഷത്തിനെ ബാധിക്കുന്ന വിഷയമാണിതെന്നും നിശബ്ദരായി ഇരിക്കാൻ സാധിക്കില്ലെന്നും പറഞ്ഞു. ഇത് സിനിമാ മേഖലയിലെ സ്ത്രീകളെ മാത്രമല്ല സമൂഹത്തിനെ ആകെ ബാധിക്കുന്ന വിഷയമാണെന്നും ഹൈക്കോടതി നിരീക്ഷിച്ചു. വിഷയത്തിൽ മാധ്യമവിചാരണ പാടില്ലെന്നും കോടതി എടുത്തു പറഞ്ഞു.

==================================

RNUTVPM

## ഓണ സമൃദ്ധി-പി.പ്രസാദ്

സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്ന് മുതൽ ഈ മാസം 14 വരെ സംഘടിപ്പിക്കുന്ന ഓണസമൃദ്ധി കർഷകചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി പി പ്രസാദ് തിരുവനന്തപുരത്ത് നിർവഹിക്കും. മന്ത്രി ജി.ആർ അനിൽ ഹോർട്ടികോർപ്പിന്റെ സഞ്ചരിക്കുന്ന വില്പനശാലയുടെ ഫ്ലാഗ് ഓഫ് ചെയ്യും. കൃഷി വകുപ്പിന്റെ 1,076 വിപണികൾ, ഹോർട്ടികോർപ്പിന്റെ 764 വിപണികൾ എന്നിങ്ങനെ ആകെ 2,000 കർഷക ചന്തകളാണ് സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്നത്. കർഷകരിൽ നിന്ന് നേരിട്ട് പഴം പച്ചക്കറികൾ സംഭരിച്ച് ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനാണ് വിപണി ഇടപെടൽ പദ്ധതിയായ കർഷക ചന്തകളിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

RNU TVPM

==================================

## ഓണം ഫെയറുകൾ

എറണാകുളം ജില്ലയിലെ നിയോജകമണ്ഡല തലത്തിലുള്ള സപ്ലൈകോയുടെ ഓണം ഫെയറുകൾക്ക് തുടക്കമായി. ഓരോ നിയോജകമണ്ഡലത്തിലും ഒരു സൂപ്പർമാർക്കറ്റ് വീതമാണ് ഓണം ഫെയർ ആയി പ്രവർത്തിക്കുക. എറണാകുളം മറൈൻഡ്രൈവിൽ പ്രവർത്തിക്കുന്ന സപ്ലൈകോ ജില്ലാ ഓണം ഫെയറിന് പുറമെയാണ് നിയോജകമണ്ഡല തലത്തിലുള്ള ഫെയറുകൾ സംഘടിപ്പിക്കുന്നത്.

==================================

## ഓണം വിപണന മേള

30 കോടി രൂപയുടെ വിറ്റുവരവാണ് ഓണം വിപണന മേളയോട് അനുബന്ധിച്ച് കുടുംബശ്രീ ലക്ഷ്യമിടുന്നതെന്ന് മന്ത്രി എം.ബി.രാജേഷ്. കുടുംബശ്രീ ഓണംവിപണന മേളയുടെ സംസ്ഥാനതല

ഉദ്ഘാടനം പത്തനംതിട്ടയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. ഓണച്ചന്തയിലെത്തുന്ന എല്ലാ ഉൽപന്നങ്ങൾക്കും കുടുംബശ്രീയുടെ ലേബൽ ഉണ്ടാകും. ആകെ 2154 വിപണന മേളകളാണ് കുടുംബശ്രീയുടേതായി ഉണ്ടാകുക . വിപണന മേള 14ന് സമാപിക്കും.

==================================

## ഇടുക്കി (ഇൻട്രോ)

PNUTVPM

ഓണക്കാലത്ത് ഏറ്റവും കൂടുതൽ സഞ്ചാരികൾ എത്തുന്ന സ്ഥലങ്ങളിലൊന്നാണ് കാഴ്ചകളുടെ പറുദീസയായ ഇടുക്കി. മൂന്നാറും മീശപ്പുലിമലയും നീലക്കുറിഞ്ഞി പൂക്കുന്ന മലനിരകളും മാത്രമല്ല, അധികമാർക്കും അറിയാത്ത ഒട്ടേറെ സുന്ദരമായ ഇടങ്ങൾ ഇടുക്കിയിലുണ്ട്. ഇത്തരം അതിമനോഹരമായ കാഴ്ചകളിൽ ഒന്നാണ് ആനചാടിക്കുത്ത് വെള്ളച്ചാട്ടം.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ടിലേയ്ക്ക്.......

(വോയിസ്)

==================================

## യെച്ചൂരി

മുതിർന്ന സിപിഐ (എം) നേതാവ് സീതാറാം യെച്ചൂരിയെ ന്യൂഡൽഹി എയിംസിലെ തീവ്രപരിചരണ വിഭാഗത്തിൽ

പ്രവേശിപ്പിച്ചു. ശ്വാസകോശ സംബന്ധമായ രോഗത്തെ തുടർന്നാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. അദ്ദേഹത്തിൻറെ ആരോഗ്യസ്ഥിതി ഗുരുതരമായി തുടരുകയാണെന്ന് സിപിഐ(എം) സമൂഹമാധ്യമത്തിലൂടെ അറിയിച്ചു.

==================================

## ആർ.ബിന്ദു

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും അഗതികളായ രോഗികളെ ഗാന്ധിഭവൻ ഏറ്റെടുക്കുന്നു. ഉച്ചയ്ക്ക് മന്ത്രി ആർ. ബിന്ദുവിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ചാണ് ചടങ്ങ്.

==================================

## ലോക ആത്മഹത്യാ പ്രതിരോധ ദിനം

ഇന്ന് ലോക ആത്മഹത്യാ പ്രതിരോധ ദിനം. ആത്മഹത്യാ പ്രവണത തടയാനുള്ള അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ലോകാരോഗ്യ സംഘടനയും അന്താരാഷ്ട്ര ആത്മഹത്യാ പ്രതിരോധ സംഘടനയും ചേർന്നാണ് സെപ്റ്റംബർ 10 ലോക ആത്മഹത്യാ പ്രതിരോധ ദിനമായി ആചരിക്കുന്നത്. ആത്മഹത്യ പ്രതിരോധത്തിന് സമൂഹത്തെ സജ്ജരാക്കുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ലോകത്താകമാനം നടക്കുന്ന ആത്മഹത്യയുടെ 17 ശതമാനം ഇന്ത്യയിലാണ്. കേരളം, തമിഴ്നാട്, കർണാടകം എന്നീ തെക്കൻ സംസ്ഥാനങ്ങളിലാണ് ഇന്ത്യയിൽ കൂടുതൽ ആത്മഹത്യ റിപ്പോർട്ട് ചെയ്യുന്നത്.

==================================

RNU TVPM

## കോഴിക്കോട് മഞ്ഞപ്പിത്തം (ഇൻട്രോ)

കോഴിക്കോട് കൊമ്മേരിയിൽ 53 പേർക്ക് മഞ്ഞപ്പിത്തരോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനം ഊർജിതമാക്കി ആരോഗ്യ വിഭാഗം.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....

(വോയിസ്)

==================================

## പരാലിമ്പിക്സ് -ഇന്ത്യൻ സംഘം

പാരീസ് പാരാലിമ്പിക്സിൽ മികച്ച പ്രകടനം കാഴ്ച വച്ച ഇന്ത്യൻ സംഘം ഇന്ന് ഡൽഹിയിൽ തിരിച്ചെത്തി. ഡൽഹി വിമാനത്താവളത്തിൽ കായിക താരങ്ങൾക്ക് ഉജ്ജ്വല സ്വീകരണം നൽകി. 7 സ്വർണവും 9 വെള്ളിയും 13 വെങ്കലവും ഉൾപ്പെടെ 29 മെഡലുകളുമായി പാരാലിമ്പിക്സിൽ ഇന്ത്യ ശ്രദ്ധേയ നേട്ടമാണ് കൈവരിച്ചത്.

RNUTVPM

==================================

## സൂപ്പർ ലീഗ് ഫുട്ബോൾ

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് കാലിക്കട്ട് എഫ്.സി- തിരുവനന്തപുരം കൊമ്പൻസുമായി ഏറ്റുമുട്ടും. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് 7.30 നാണ് മത്സരം. കാലിക്കട്ട് എഫ്.സി യുടെ ആദ്യ മത്സരമാണിത്.

==================================

## ശബരിമല

ഓണം - കന്നി മാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട വെള്ളിയാഴ്ച വൈകിട്ട് അഞ്ചിനു തുറക്കും. തിരുവോണ പൂജകൾ 15 ന് നടക്കും. ഓണം പൂജകൾക്കിടയിൽ കന്നിമാസ പൂജകൾ കൂടി വരുന്നതിനാൽ ഈമാസം 21 വരെ നടതുറന്നിരിക്കും. പൂജകൾ പൂർത്തിയാക്കി 21 ന് രാത്രി 10 ന് നടയടയ്ക്കും.

==================================

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് എറണാകുളം, കണ്ണൂർ , കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. തെക്കൻ ജില്ലകളിലും നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥ വിഭാഗം അറിയിച്ചു.

RNU TVPM

==================================

## കവിയരങ്ങ്- ആകാശവാണി

ആകാശവാണി തിരുവനന്തപുരം നിലയം വിസ്മയമാക്സ് തിരുവനന്തപുരത്തിന്റെ സഹകരണത്തോടെ ഓണാഘോഷത്തോട് അനുബന്ധിച്ച് കവിയരങ്ങ് സംഘടിപ്പിക്കുന്നു. കവടിയാർ വിസ്മയമാക്സ് അനക്സിൽ നാളെ വൈകിട്ടാണ് കവിയരങ്ങ് നടക്കുന്നത്.

==================================

## ഹജ്ജ് - തീയതി നീട്ടി

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന അപേക്ഷ നൽകുന്നതിന് തിയതി നീട്ടി. ഈ മാസം 23 വരെ ഓൺലൈനായി അപേക്ഷ നൽകാമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. നേരത്തെ ഇന്നു വരെയാണ് അപേക്ഷ നൽകാൻ സമയപരിധി നിശ്ചയിച്ചിരുന്നത്.

====================================

## സംസ്ഥാന വിവരാവകാശ കമ്മീഷൻ

ന്യൂനപക്ഷ പദവി വിനിയോഗിച്ച് ജൂനിയറിനെ പ്രധാനാധ്യാപകൻ ആക്കിയതിൽ ചട്ടങ്ങൾ പാലിക്കാത്ത വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിന് 15, 000 രൂപ പിഴ വിധിച്ച് സംസ്ഥാന വിവരാവകാശ കമ്മിഷൻ. കോഴിക്കോട് വില്യാപ്പള്ളി എം.ജെ.വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിൽ സീനിയറായിരുന്ന വ്യക്തിയെ മറികടന്ന് ജൂനിയറായ മറ്റൊരു വ്യക്തിയെ പ്രിൻസിപ്പലായി നിയമിച്ചതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പാലിച്ചില്ലെന്നാണ് കമ്മിഷന്റെ കണ്ടെത്തൽ.

RNJ TVPM

====================================

## ഗാസ

ഗസയിലെ സംഘർഷം അവസാനിപ്പിക്കണമെന്ന് ആവർത്തിച്ച് യുഎൻ മനുഷ്യാവകാശ കമ്മീഷൻ. ഗസയിലെ യുദ്ധാന്തരീക്ഷം ഒഴിവാക്കി പ്രദേശത്ത് സമാധാനം പുനസ്ഥാപിക്കുന്നതിന് മുൻഗണന നൽകണമെന്ന് മനുഷ്യാവകാശ ഹൈക്കമ്മീഷണർ വോൾക്കർ ടർക്ക് ആഹ്വാനം ചെയ്തു. യുഎൻ മനുഷ്യാവകാശ കൗൺസിലിന്റെ 57-ാമത് സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

========================================================================

RNU TVPM